**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 319** **22-02-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്ഥാപനങ്ങളിലെ ഓൺലൈൻ സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്ഥാപനങ്ങളിൽ വീട് വയ്ക്കുന്നതുൾപ്പെടെയുള്ള വിവിധ സേവനങ്ങൾ ഓൺലൈൻ മുഖേന ജനങ്ങൾക്ക് യഥാസമയം ലഭിക്കുന്നില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; | (എ) | ഉണ്ട്. സങ്കേതം സോഫ്റ്റ് വെയർ, ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയർ എന്നിവ നിലവിൽ ഇന്റഗ്രേറ്റ് ചെയ്യാത്തതിനാൽ കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷ സങ്കേതം സോഫ്റ്റ് വെയറിലും ഐ.എൽ.ജി.എം.എസ് സോഫ്റ്റ് വെയറിലും സമർപ്പിക്കേണ്ടതുണ്ട്. പ്രസ്തുത സോഫ്റ്റ് വെയറുകൾ ഏകോപിപ്പിക്കുന്നതോടെ ബുദ്ധിമുട്ട് ഒഴിവാകുന്നതാണ്. നഗരസഭകളിൽ ഐ.ബി.പി.എം.എസ്, സുവേഗ എന്നീ സോഫ്റ്റ് വെയറുകൾ മുഖാന്തരം കെട്ടിട നിർമ്മാണ പെർമിറ്റുകൾ ലഭ്യമാവുന്നുണ്ട്. തദ്ദേശസ്ഥാപനങ്ങളിലെ ഇ-ഗവേണൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനായി സംയോജിത തദ്ദേശവകുപ്പിനും, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കുമായി ഒരു പുതിയ സോഫ്റ്റ് വെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഉപയോഗിക്കുന്ന വിവിധ സോഫ്റ്റ് വെയറുകളിലെ പ്രശ്നങ്ങൾ ഐ.കെ.എം അതത് സമയം പരിഹരിച്ചുവരുന്നു. |
| (ബി) | സീനിയോരിറ്റി പ്രകാരമാണോ പ്രസ്തുത ഓൺലൈൻ സേവനങ്ങൾ തീർപ്പുകൽപ്പിക്കുന്നത്; വ്യക്തമാക്കാമോ; | (ബി) | അതെ. സോഫ്റ്റ് വെയർ മുഖേന ലഭിക്കുന്ന അപാകതരഹിത/അപാകത പരിഹരിച്ച അപേക്ഷകൾ സീനിയോരിറ്റി പ്രകാരമാണ് തീർപ്പ് കൽപിക്കുന്നത്. |
| (സി) | സേവനങ്ങൾക്കായി ഓൺലൈൻ മുഖേന അപേക്ഷിക്കുന്നതിനും തിരികെ ഓൺലൈൻ വഴി സേവനങ്ങൾ ജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനും വേണ്ടി നടപടി സ്വീകരിക്കുമോ? | (സി) | പഞ്ചായത്തുകൾ നൽകിവരുന്ന 213 സേവനങ്ങൾക്കായി ഓൺലൈൻ മുഖേന അപേക്ഷിക്കുന്നതിനും സേവനങ്ങൾ ജനങ്ങൾക്ക് നേരിട്ട് ലഭ്യമാക്കുന്നതിനും ഉള്ള സംവിധാനം സിറ്റിസൺ സർവ്വീസ് പോർട്ടൽ വഴി ഇപ്പോൾ തന്നെ പൊതുജനങ്ങൾക്ക് ലഭ്യമാണ്. നഗരസഭകളിലും 213 സേവനങ്ങൾക്കായി |

| | | | |
|---|---|---|---|
| | | | സിറ്റിസൺ പോർട്ടലിലൂടെ ഇ ഫയലിംഗും ഈ പെയ്മെന്റും ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ